പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 3492 — 12-12-2014 ൽ മറുപടിക്ക്

## കുറ്റ്യാടി, വേളം നെൽകൃഷി പദ്ധതി

ചോദ്യം

ശ്രീമതി കെ.കെ. ലതിക

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കുറ്റ്യാടി പഞ്ചായത്തിലെയും വേളം പഞ്ചായത്തിലെയും പാട ശേഖരങ്ങളിൽ നടപ്പാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയുള്ള ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | 8.5 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) എന്തെല്ലാം പ്രവർത്തിക ളാണ് പ്രസ്തുത പാടശേഖരങ്ങളിൽ നടപ്പാക്കുക എന്ന് വിശദമാക്കുമോ; | (ബി) | വേളം പഞ്ചായത്തിലെ കക്കുന്നി പാടശേഖരത്തിലെ വാട്ടർ ടാങ്ക് നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീം, കിണർ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, ചെറിയാണ്ടി കന്നുമ്മൽ പാടശേഖരത്തിലെ ചാത്തോത്ത്പൊയിൽ ലിഫ്റ്റ് ഇറിഗേഷൻ, ടില്ലർ ബണ്ട് നിർമ്മാണം, മീൻപാലം ലിഫ്റ്റ് ഇറിഗേഷൻ, ചാത്തോത്ത്പൊയിൽ പമ്പ് ഹൗസ് നിർമ്മാണം, മീൻപാലം പമ്പ് ഹൗസ് നിർമ്മാണം. കുറിച്ചകം പാടശേഖരത്തിലെ ടില്ലർ ബണ്ട് നിർമ്മാണം, പാവുല്ലാട്ടുവയൽ പാടശേഖരത്തിലെ കാപ്പ നവീകരണം, കുഴിവയൽ പാടശേഖരത്തിലെ തോട്ടുകളുടെ പാർശ്വ സംരക്ഷണം. നാരായണിനട പാടശേഖരത്തിലെ തോട്ടുകളുടെ പാർശ്വ സംരക്ഷണം, വാചാൽനട പാടശേഖരത്തിലെ തോട്ടുകളുടെ പാർശ്വസംരക്ഷണം, തീക്കുന്നി പാടശേഖരത്തിലെ തോട്ടുകളുടെ പാർശ്വ സംരക്ഷണം, തീക്കുന്നി പാടശേഖരത്തിലെ വെന്റഡ് ക്രോസ് ബാർ (വി.സി.ബി) നിർമ്മാണം. തോട്ടുക്കുമ്മൽ, മൂഴിക്കൽ തോട്ടുകളുടെ പാർശ്വ സംരക്ഷണം, എടവലത്തുതാഴെ അടിവയൽ ഫാം റോഡിന്റെ നിർമ്മാണം, |

| | | |
|---|---|---|
| | | തോട്ടുക്കമ്മൽ ഇറിഗേഷൻ സ്കീം, എടവലത്തുതാഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പാറമണൽ താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, വാരാപ്പുറത്ത് താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, എടവലത്തുതാഴെ പമ്പ് ഹൗസ് നിർമ്മാണം, പാറമണൽതാഴെ പമ്പ് ഹൗസ് നിർമ്മാണം, വാരാപ്പുറത്ത് താഴെ പമ്പ് ഹൗസ് നിർമ്മാണം, അടിവയൽ കാപ്പു നവീകരണം, തോട്ടുക്കമ്മലിലെ വി.സി.ബി നിർമ്മാണം. തെയ്യാട്ടു താഴെ പാടശേഖരത്തിലെ തെയ്യാട്ടു താഴെ-മണിക്കോത്തു താഴെ തോടുകളുടെ പാർശ്വ സംരക്ഷണം, ശാന്തിനഗർ പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, ചെറുകന്ന് പാടശേഖരത്തിലെ കണ്ടുകുട്ടിൽ താഴില്ല്യത്ത് താഴെതോട്ടു പാർശ്വ സംരക്ഷണം.<br>കുറ്റ്യാടി പഞ്ചായത്തിലെ ഊരാത്ത്, വടയത്ത് പാടശേഖരങ്ങളുടെ തോടുകളുടെ പാർശ്വസംരക്ഷണം, ഊരാത്ത് പാടശേഖരത്തിലെ വി.സി.ബി നിർമ്മാണം, എൽ.എസ് ഫോർ കെ.എസ്.ഇ.ബി കണക്ഷൻ എന്നിവയാണ് പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തികൾ. |
| (സി) ഇത്തരം പ്രവർത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ സാങ്കേതികാനുമതി എപ്പോൾ ലഭ്യമാകും എന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും | ഇല്ല. പരിശോധനയിലാണ്. |
| (ഇ) പ്രസ്തുത പ്രവർത്തികൾ പൂർത്തിയാക്കുന്നതോടെ എത്ര ഹെക്ടറിൽ നെൽകൃഷി കൂടുതലായി ചെയ്യാൻ കഴിയുമെന്നും എത്ര ടൺ നെല്ല് കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | 500 ഹെക്ടറോളം സ്ഥലത്ത് കൂടുതലായി ചെയ്യാൻ കഴിയും. ഏകദേശം 1750 മെട്രിക് ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ